പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1392 — 11.06.2019-ൽ മറുപടിക്ക്

പാലക്കോട് പുഴയുടെ അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽ തിട്ടയിൽ തട്ടി വള്ളങ്ങളും ബോട്ടുകളും മറിയുന്നതും അപകടമരണങ്ങളും കണക്കിലെടുത്ത് മണൽ ഡ്രഡ്ജ് ചെയ്യുന്നതിന് റവന്യൂ വകുപ്പ് മുഖേന, റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിൽ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽത്തിട്ടയിൽ തട്ടി വള്ളങ്ങളും ബോട്ടുകളും മറിയുന്നതിനാൽ മണൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്ന പ്രവൃത്തി RMF-ൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 29.01.2019-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം ചർച്ച ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഓപ്പൺ ടെണ്ടർ മുഖേനയോ ഹാർബർ/തുറമുഖ/ഇറിഗേഷൻ വകുപ്പുകൾ മുഖേനയോ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. തുടർന്ന് 01.04.2019 തീയതി കണ്ണൂർ ജില്ലാ വിദഗ്ധ സമിതി യോഗം ചേരുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ